കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
:ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2005 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**

**ഹാജർ : വി.സി. അനിൽകുമാർ**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് – ജീവനക്കാര്യം –ജൂനിയർ സൂപ്രണ്ട്, തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. OP (KAT) 44/2018-ാം നമ്പർ കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 08.07.2019–ാം തീയതിയായുള്ള ഇടക്കാല ഉത്തരവ്.
2. 17/02/2020–ലെ പി.ഡബ്ല്യു.ആർ–എ3/109/2018–പവർ നമ്പരായുള്ള സർക്കാർ കത്ത്.

**<u>ഉത്തരവ് നമ്പർ ഇ2- 6083/2018/സി.ഇ.ഐ തീയതി : 18.02.2020</u>**

ഈ വകുപ്പിലെ നാല് ജൂനിയർ സൂപ്രണ്ടുമാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് മൂലം 05.08.2018, 07.08.2018, 06.07.2019, 16.07.2019 എന്നീ തീയതികളിലായി ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നാല് ഒഴിവുകൾ നിലവിലുണ്ട്. സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുള്ള OP (KAT) 44/2018-ാം നമ്പർ കേസിൽ, പ്രൊമോഷന് ഏർപ്പെടുത്തിയിരുന്ന സ്റ്റേ പരാമർശം (1) പ്രകാരമുള്ള ഇടക്കാല ഉത്തരവ് മുഖേന ബഹു. കേരള ഹൈക്കോടതി നീക്കം ചെയ്തിരുന്നുവെങ്കിലും മേൽപ്പറഞ്ഞ ഒഴിവുകളിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിക്കുവാൻ അർഹതയുള്ള ഹെഡ്ക്ലർക്കുമാർക്ക് പ്രൊബേഷൻ കാലയളവ് പൂർത്തീകരിക്കാത്തതിനാൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയിരുന്നില്ല. ജൂനിയർ സൂപ്രണ്ടിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് വകുപ്പിന്റെ സുഗമമായപ്രവർത്തനത്തെ ബാധിക്കുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരികയും വകുപ്പിന്റെ ആവശ്യം പരിഗണിച്ച്, ഹെഡ്ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച സീനിയർ ക്ലാർക്ക് തസ്തികയിലെ ഉദ്യോഗസ്ഥർക്ക്, നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവിൽ കെഎസ് & എസ്.എസ്.ആർ ഭാഗംII ചട്ടം 31(a)(i) പ്രകാരം താത്ക്കാലിക പ്രൊമോഷൻ നൽകുന്നതിന് സൂചന(2)ലെ കത്ത് പ്രകാരം സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

→

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഹെഡ്ക്ലർക്കുമാരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അവരുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന കാര്യാലയത്തിൽ 30700 - 65400/- രൂപ ശമ്പള നിരക്കിൽ കെ.എസ് & എസ്.എസ്.ആർ ഭാഗംII ചട്ടം 31(a)(i) പ്രകാരം ജൂനിയർ സൂപ്രണ്ടായി താൽക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന കാര്യാലയവും | ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1. | ശ്രീ. ദിനേശൻ. എം.പി, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, കോഴിക്കോട് | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, തിരുവനന്തപുരം |
| 2. | ശ്രീമതി. ബിന്ദുമോൾ. ടി.ടി, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, എറണാകുളം | ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, പത്തനംതിട്ട |
| 3. | ശ്രീ. ശ്രീകാന്ത്. എസ്.ആർ, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, തിരുവനന്തപുരം |
| 4. | ശ്രീമതി. ശ്രീദേവിക്കുട്ടി. കെ.എം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, തൃശ്ശൂർ | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, തിരുവനന്തപുരം |

ജൂനിയർ സൂപ്രണ്ടായി താത്ക്കാലിക സ്ഥാനക്കയറ്റം ലഭിച്ച ടി ഉദ്യോഗസ്ഥരുടെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സേവനകാലം കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 18 (e) വ്യവസ്ഥ പ്രകാരം ഹെഡ്ക്ലർക്ക് തസ്തികയിലെ പ്രോബേഷൻ പൂർത്തീകരിക്കുന്നതിനായി പരിഗണിക്കുന്നതാണ്.

ഈ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുള്ള OP (KAT) 44/2018-ാം നമ്പർ കേസിലെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും. ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം/എറണാകുളം/കോഴിക്കോട്
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, പത്തനംതിട്ട/തൃശ്ശൂർ

3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം/പത്തനംതിട്ട/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ലാ ഓഫീസർ
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (എസ്റ്റാബ്ലിഷ്മെന്റ്)
6. എ/ഇ3/എച്ച് സെക്ഷൻ
7. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
8. അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
9. കരുതൽ/അധികം
10. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്